**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2437** **12-10-2021 - ൽ മറുപടിയ്ക്ക്**

**ചലച്ചിത്ര വിതരണമേഖലയിലുള്ള ജി.എസ്.ടി നിരക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ചലച്ചിത്ര വിതരണമേഖലയിൽ ജി.എസ്.ടി നിരക്ക് എത്രയാണ്; ഏതെങ്കിലും തരത്തിലുള്ള വർദ്ധിപ്പിച്ച നിരക്ക് ഒടുക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ നോട്ടീസ് നൽകിയതിന്റെ അടിസ്ഥാനമെന്താണെന്ന് വിശദാംശം ലഭ്യമാക്കുമോ; | (എ) | ചലച്ചിത്ര വിതരണം എന്ന സേവനത്തിന് 01.07.2017 മുതൽ 18% നികുതി ബാധകമാണ്. ടി നികുതി നാളിതുവരെ വർദ്ധിപ്പിച്ചിട്ടില്ല. എന്നാൽ ഐ.ടി. സോഫ്റ്റ്‌വെയറുകൾ ഒഴികെയുള്ള ഐ.പി. റൈറ്റുകളുടെ താൽക്കാലികമോ സ്ഥിരമോ ആയ കൈമാറ്റങ്ങൾക്ക് 12% നികുതി ബാധകമായിരുന്നു. മേൽ നികുതികളുടെ വർദ്ധിപ്പിച്ച നിരക്ക് ഒടുക്കുന്നതിന് നോട്ടീസ് നൽകിയിട്ടില്ല. സിനിമ വിതരണ മേഖലയിലെ നികുതി നിരക്ക് ഏകീകരിയ്ക്കുന്നതിനായി ചരക്കു സേവന നികുതി കൗൺസിലിന്റെ 45-ാമത് യോഗത്തിലെ ശിപാർശപ്രകാരം ഐ.പി. റൈറ്റുകളുടെ താൽക്കാലികമോ സ്ഥിരമോ ആയ കൈമാറ്റങ്ങൾക്ക് സർക്കാർ വിജ്ഞാപനം എസ്.ആർ.ഒ. നം. 727/2021 പ്രകാരം നികുതി നിരക്ക് 18% ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. ചരക്കു സേവന നികുതി നിയമം നിലവിൽ വന്നതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിനോദനികുതി ഈടാക്കുന്നത് സംബന്ധിച്ച് 31-08-2019-ലെ GO(Ms)No.112/2019/LSGD, 18-09-2020-ലെ GO(Ms)No.140/2020/LSGD നമ്പർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവുകൾ പ്രകാരം 100 രൂപ വരെയുള്ള ടിക്കറ്റുകൾക്ക് 5%-ഉം 100 രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5%-ഉം വിനോദനികുതി ഈടാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | നിലവിൽ പ്രസ്തുത മേഖലയിൽ ഒടുക്കി വന്നിരുന്ന ജി.എസ്.ടി. നിരക്കിനേക്കാൾ വർദ്ധനവ് വരുത്തിക്കൊണ്ട് ഏതെങ്കിലും തരത്തിലുള്ള നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഈ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചത് ആരാണ്; സംസ്ഥാന സർക്കാരിന് ഇതിന് അധികാരമുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | ചലച്ചിത്ര വിതരണം എന്ന സേവനത്തിന് 01.07.2017 മുതൽ 18% നികുതി ബാധകമാണ്. ടി നികുതി നാളിതുവരെ വർദ്ധിപ്പിച്ചിട്ടില്ല. എന്നാൽ ഐ.ടി. സോഫ്റ്റ്‌വെയറുകൾ ഒഴികെയുള്ള ഐ.പി. റൈറ്റുകളുടെ താൽക്കാലികമോ സ്ഥിരമോ ആയ കൈമാറ്റങ്ങൾക്ക് 12% നികുതി ബാധകമായിരുന്നു. മേൽ നികുതികളുടെ വർദ്ധിപ്പിച്ച നിരക്ക് ഒടുക്കുന്നതിന് നോട്ടീസ് നൽകിയിട്ടില്ല. സിനിമ |

| | | | |
|---|---|---|---|
| | | | വിതരണ മേഖലയിലെ നികുതി നിരക്ക് ഏകീകരിയ്ക്കുന്നതിനായി ചരക്ക് സേവന നികുതി കൗൺസിലിന്റെ 45-ാമത് യോഗത്തിലെ ശിപാർശപ്രകാരം ഐ.പി. റൈറ്റുകളുടെ താൽക്കാലികമോ സ്ഥിരമോ ആയ കൈമാറ്റങ്ങൾക്ക് സർക്കാർ വിജ്ഞാപനം എസ്.ആർ.ഒ. നം. 727/2021 പ്രകാരം നികുതി നിരക്ക് 18% ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. ചരക്കു സേവന നികുതി നിയമം നിലവിൽ വന്നതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപങ്ങൾ വിനോദനികുതി ഈടാക്കുന്നത് സംബന്ധിച്ച് 31-08-2019-ലെ GO(Ms)No.112/2019/LSGD, 18-09-2020-ലെ GO(Ms)No.140/2020/LSGD നമ്പർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവുകൾ പ്രകാരം 100 രൂപ വരെയുള്ള ടിക്കറ്റുകൾക്ക് 5%-ഉം 100 രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5%-ഉം വിനോദനികുതി ഈടാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |
| (സി) | കോവിഡ് മൂലം കനത്ത പ്രതിസന്ധി നേരിടുന്ന സിനിമാമേഖലയ്ക്ക് ഇത്തരത്തിലുള്ള നിരക്കുവർദ്ധനവ് കൂടുതൽ പ്രയാസങ്ങൾ സൃഷ്ടിയ്ക്കുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | നിലവിൽ ചലച്ചിത്ര വിതരണത്തിന് 18% നികുതി ബാധകമാണ്. വിതരണ മേഖലയിലേക്ക് ലഭ്യമാകുന്ന സേവനത്തിന് (ഇൻപുട്ട് സർവ്വീസ്) നികുതി വർദ്ധിയ്ക്കുന്ന സാഹചര്യത്തിലും ടി നികുതിയ്ക്ക് ഇൻപുട്ട് ലഭ്യമാകുന്നതിനാൽ ഫലത്തിൽ വിതരണമേഖലയിലെ സേവന നികുതികളുടെ ഏകീകരണം സിനിമ മേഖലയെ പ്രതികൂലമായി ബാധിയ്ക്കുന്നില്ല. |

സെക്ഷൻ ഓഫീസർ